## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1227 — 06.02.2020 -ൽ മറുപടിയ്ക്ക്

### സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിന് ജി.എസ്.റ്റി. അംഗീകാരമുള്ള ബില്ലുകൾ വേണമെന്ന വ്യവസ്ഥ

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിന് ജി.എസ്.റ്റി. അംഗീകാരമുള്ള ബില്ലുകൾ വേണമെന്ന വ്യവസ്ഥ ഗ്രാമപ്രദേശങ്ങളിലുള്ള സ്കൂളുകളിലെ പ്രധാനാധ്യാപകരെ വിഷമിപ്പിക്കുന്നതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സ്കൂളുകളിൽ കുട്ടികൾക്ക് ഗുണമേന്മയുള്ള ഉച്ചഭക്ഷണം നൽകുന്നതിനുള്ള സാധന സാമഗ്രികൾ ഉച്ചഭക്ഷണ കമ്മിറ്റിയുടെ നിർദ്ദേശത്തിന് വിധേയമായി പൊതുവിപണി, മാവേലിസ്റ്റോർ, സഹകരണസംഘങ്ങൾ, വിവിധ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും ആവശ്യാനുസരണം വാങ്ങുന്നതിന് സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സാധനങ്ങൾ വാങ്ങുമ്പോൾ നിർബന്ധമായും സ്ഥാപനത്തിന്റെ സീൽ പതിച്ച ബില്ലുകൾ വാങ്ങുവാനും, പ്രിൻറ് ബില്ലുകൾ ലഭ്യമല്ലെങ്കിൽ സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് ഫോൺ നമ്പർ, വാങ്ങിയ സാധനത്തിന്റെ അളവ്, നിരക്ക്, തീയതി എന്നിവ രേഖപ്പെടുത്തിയ ബില്ലുകൾ/വൗച്ചറുകൾ വാങ്ങുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.റ്റി.ബില്ലുകൾ വേണമെന്ന നിർദ്ദേശം നൽകിയിട്ടില്ല. |
| ബി സ്വന്തം കൈയിലെ പണം കൊണ്ട് കുട്ടികൾക്ക് വാങ്ങി നൽകിയ ഭക്ഷണ സാധനങ്ങളുടെ തുക തിരികെ ലഭിക്കാതെ അധ്യാപകർ വിഷമിക്കുന്ന കാര്യം വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ആയതിന്മേൽ സർക്കാർ തലത്തിൽ എടുത്ത തീരുമാനം എന്തെല്ലാം; വിശദമാക്കുമോ; | ബി) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ പ്രഥമാദ്ധ്യാപകർക്ക് ചെലവായ തുക തിരികെ ലഭിക്കുന്നതിന് ആവശ്യമായ എല്ലാവിധ നടപടികളും കൈകൊണ്ടിട്ടുണ്ട്. സ്കൂളുകൾക്ക് ഈ അദ്ധ്യയനവർഷം ഉച്ചഭക്ഷണ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും അലോട്ട്മെൻറ് മുഖാന്തിരം അനുവദിച്ച് നൽകിയിട്ടുണ്ട്. സാധന സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകളും വൗച്ചറുകളും സഹിതം കണ്ടിജൻറ് വൗച്ചറുകൾ ട്രഷറിയിൽ സമർപ്പിച്ച് ടി തുക റീ- ഇംബേഴ്സ് ചെയ്യാവുന്നതുമാണ്. പ്രഥമാദ്ധ്യാപകർ |

ഉച്ചഭക്ഷണ പദ്ധതിക്കായി സ്വന്തം കൈയിൽ നിന്ന് ചെലവാക്കിയ തുക റീ- ഇംബേഴ്സ് ചെയ്തുവരുന്നുണ്ട്.

സി സംസ്ഥാനത്തെ ട്രഷറികളിൽ ജി.എസ്.റ്റി. ഇല്ലാതെയുള്ള ബില്ലുകൾ മാറി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനവകുപ്പുമായി കൂടിയാലോചിച്ച് ഇതിന്മേൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പാൽ, മുട്ട, പച്ചക്കറി മുതലായ സാധനങ്ങൾക്ക് ജി.എസ്.റ്റി. ബില്ലുകൾ വേണമെന്ന് ആവശ്യപ്പെട്ട് ചില ട്രഷറികൾ തടസ്സവാദം ഉന്നയിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ജിഎസ്.റ്റി.ബില്ലുകൾ സമർപ്പിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതിനാൽ പ്രഥമാദ്ധ്യാപകർ സമർപ്പിക്കുന്ന ജി.എസ്.റ്റി.ഇല്ലാതെയുള്ള ബില്ലുകൾകൂടി ട്രഷറികളിൽ നിന്നും മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ